©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2021 ആഗസ്റ്റ് 04<br>4th August 2021<br>1196 കർക്കടകം 19<br>19th Karkadakam 1196<br>1943 ശ്രാവണം 13<br>13th Sravana 1943 | നമ്പർ<br>No. | 2317 |

GOVERNMENT OF KERALA

**Labour and Skills (E) Department**

NOTIFICATION

LBRD-E1/30/2021-LBRD

*Dated, Thiruvananthapuram, 29th July, 2021*
*13th Karkadakam, 1196*

The following proposal regarding the revision of minimum rates of wages which the Government of Kerala proposes to make in exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with clause (b) of sub-section (1) of section 5 thereof and in supersession of the notification issued under G.O.(Ms.)No. 113/2011/LBR dated 9th day of August, 2011 and published as S.R.O. No.529/2011 in the Kerala Gazette Extraordinary No.1623 dated 23rd day of August, 2011, payable to the classes of employees employed in the Employment in Mechanised Fish Catching Industry sector in the State of

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in

Kerala, as specified in the Schedule annexed hereto are hereby published for the information of all persons likely to be affected thereby as required by clause (b) of sub-section (1) of section 5 of the said Act.

Notice is hereby given that the proposal will be taken up for consideration on or after two months from the date of publication of this notification in the official Gazette and that the objections and suggestions, if any, that may be received from any person with respect to the said proposal on or before the time limit specified above, will be considered by the Government. All such objections and suggestions shall be addressed to the Secretary to Government, Labour and Skills (E) Department, Government Secretariat, Thiruvananthapuram - 695 001.

## SCHEDULE

**I. Piece Rate**

| **Sl. No.** | **Category/Work** | **Basic Wages** |
|---|---|---|
| **(1)** | **(2)** | **(3)** |
| A | Workers engaged for fishing (including Vessel/Boat Driver) | Equal share of 42% of total income on sale of fish to all employees who have worked in fishing after deducting fuel charges expended. |

**II. Daily Wages**

| | | |
|---|---|---|
| 1. | Workers engaged for fishing (including Vessel/Boat Driver) | ₹ 600/- per day |
| 2. | Those who unload and carry fishes from Boat/Vessel to seashore and allied employees | ₹ 375/- per day |

**III. Guaranteed Minimum Wages**

The employer shall pay guaranteed minimum wages of Rs. 300/- per day to the employees who are engaged in fishing work.

**IV. General Conditions**

1. The piece rate stated above at Schedule above is applicable to fishing for one day or for more than one day as the case may be.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in

2. In case the employees of any locality who are being paid higher wages than the minimum wages fixed as per this notification, they shall continue to be entitled to get such higher rates.
3. All other benefits being received by the workers over and above the wages, at the time ൽ issuance of this notification, shall be continued.

By order of the Governor,
**MINI ANTONY**
***Secretary to Government***

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in

കേരള സർക്കാർ

**തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്.**

വിജ്ഞാപനം

നം.ഇ 1/130/2021/തൊഴില്

തിരുവനന്തപുരം, തീയതി, 2021 ജൂലൈ 29
1196, കർക്കടകം 13

1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്ടിലെ (1948-ലെ 11-ാം കേന്ദ്ര ആക്ട്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും പ്രസ്തുത ആക്ടിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ്. (ബി) ഖണ്ഡവും കൂട്ടിവായിച്ച പ്രകാരവും നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും 2011 ആഗസ്റ്റ് 9-ാം തീയതിയിലെ ജി.ഒ.(എം.എസ്.) 113/2011/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2011 ആഗസ്റ്റ് 23-ാം തീയതിയിലെ 1623-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 529/2011 നമ്പരായി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും. കേരള സർക്കാർ, സംസ്ഥാനത്തെ യന്ത്രവൽകൃത മത്സ്യബന്ധന വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറഞ്ഞിട്ടുള്ള പ്രകാരം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പ്രസ്തുത ആക്ടിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം ആവശ്യപ്പെടുന്ന പ്രകാരം അത് ബാധകമാകാനിടയുള്ള എല്ലാ ആളുകളുടെയും അറിവിലേയ്ക്കായി ഇതിനാൽ പ്രസിദ്ധീകരിക്കുന്നു.

പ്രസ്തുത നിർദ്ദേശങ്ങൾ ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തിയതി മുതൽ രണ്ട് മാസം തികയുന്ന തീയതിക്കോ അതിനു ശേഷമോ പരിഗണനയ്ക്ക് എടുക്കുന്നതാണെന്നും പ്രസ്തുത നിർദ്ദേശങ്ങൾ സംബന്ധിച്ച് മേൽപ്പറഞ്ഞ കാലാവധിക്കോ അതിനു മുമ്പോ ഏതെങ്കിലും ആളിൽനിന്ന് ലഭിച്ചേക്കാവുന്ന അങ്ങനെയുള്ള ആക്ഷേപങ്ങളോ നിർദ്ദേശങ്ങളോ എന്തെങ്കിലുമുണ്ടെങ്കിൽ, അവ സർക്കാർ പരിഗണനയ്ക്കെടുക്കുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു. അങ്ങനെയുള്ള എല്ലാ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ഗവൺമെന്റ് സെക്രട്ടറി, തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം - 695 001 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

## പട്ടിക

**I. പീസ് റേറ്റ്**

| ക്രമ നമ്പർ | വിഭാഗം/ജോലി | വേതന നിരക്ക് |
|---|---|---|
| (1) | (2) | (3) |
| എ | മത്സ്യ ബന്ധന തൊഴിലാളികൾ (വെസ്സൽ/ബോട്ട് ഡ്രൈവർ ഉൾപ്പെടെ) | മത്സ്യവിൽപ്പന മൊത്തവരുമാനത്തിൽ നിന്നും ഇന്ധനച്ചെലവ് കഴിച്ച് ബാക്കി വരുന്ന തുകയുടെ 42% ത്തിന് തുല്യമായ തുക മത്സ്യബന്ധനത്തിൽ ഏർപ്പെട്ട എല്ലാ തൊഴിലാളികൾക്കും കൂടി തുല്യഭാഗങ്ങളായി വിഭജിച്ച് നൽകേണ്ടതാണ്. |

**II. ദിവസവേതന നിരക്കുകൾ**

| | | |
|---|---|---|
| 1 | മത്സ്യബന്ധന തൊഴിലാളികൾക്ക് (വെസ്സൽ/ബോട്ട് ഡ്രൈവർ ഉൾപ്പെടെ) | പ്രതിദിനം - 600/- രൂപ |
| 2 | വെസ്സൽ/ബോട്ടിൽ നിന്നും മത്സ്യം കരയിലെത്തിക്കുന്ന അനുബന്ധ തൊഴിലാളികൾക്ക് | പ്രതിദിനം - 375/- രൂപ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in

**III. ഗ്യാരന്റീഡ് മിനിമം വേതനം**

മത്സ്യബന്ധന ജോലിയിൽ ഏർപ്പെടുന്ന തൊഴിലാളികൾക്ക് ഗ്യാരന്റീഡ് മിനിമം വേതനമായി പ്രതിദിനം 300/- രൂപ തൊഴിലുടമ നൽകേണ്ടതാണ്.

**IV. ഇതര വ്യവസ്ഥകൾ**

1. മുകളിൽ പട്ടികയിൽ പറഞ്ഞിട്ടുള്ള പീസ് റേറ്റ് അതാതു സംഗതിപോലെ ഒരു ദിവസത്തേക്കോ അല്ലെങ്കിൽ ഒന്നിൽ കൂടുതൽ ദിവസത്തേക്കോ ഉള്ള മത്സ്യബന്ധനത്തിന് ബാധകമാകുന്നതാണ്.
2. ഈ വിജ്ഞാപനപ്രകാരം നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ വേതനത്തേക്കാൾ ഉയർന്ന വേതനം നല്കി വരുന്ന ഏതെങ്കിലും പ്രദേശത്തെ തൊഴിലാളികളുടെ സംഗതിയിൽ, അവർക്ക് അപ്രകാരമുള്ള ഉയർന്ന നിരക്ക് തുടർന്നും ലഭിക്കാനുള്ള അർഹതയുണ്ടായിരിക്കുന്നതാണ്.
3. ഈ വിജ്ഞാപനം പുറപ്പെടുവിക്കുന്ന സമയത്ത് വേതനത്തിന് പുറമേ തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന മറ്റെല്ലാ ആനുകൂല്യങ്ങളും തുടർന്നും നൽകേണ്ടതാണ്.

ഗവർണറുടെ ഉത്തരവിന് പ്രകാരം,
**മിനി ആന്റണി**
***ഗവൺമെന്റ് സെക്രട്ടറി.***

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette
Authenticity may be verified through https://compose.kerala.gov.in

Digitally signed by Salim A
Date 2021.08.04 06:47:00 +05:30